"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ബ്ലോക്കിൽപ്പെട്ട കനകപ്പലം റേഷൻകടപടി റോഡ് പുനരുദ്ധാരണ പ്രവൃത്തി - കാലതാമസം മാപ്പാക്കി അന്തിമ ബിൽ തുക അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.436/2025/DMD തീയതി,തിരുവനന്തപുരം, 27-06-2025

---

പരാമർശം:-

1. 18.02.2022 ലെ സ. ഉ. (സാധാ) നം. 162/2022/ഡി.എം.ഡി.
2. 16.02.2024 ലെ സ. ഉ. (സാധാ) നം. 202/2024/ഡി.എം.ഡി.
3. കോട്ടയം ജില്ലാ കളക്ടറുടെ 19.07.2024 തീയതിയിലെ DCKTM/8603/2022-DM2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശം (1) ഉത്തരവ് പ്രകാരം കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ബ്ലോക്കിൽപ്പെട്ട എരുമേലി ഗ്രാമപഞ്ചായത്തിലെ കനകപ്പലം റേഷൻകടപടി റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് 3,00,000/- (മൂന്ന് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിക്ക് സമയബന്ധിതമായി കരാറിൽ ഏർപ്പെടാൻ സാധിക്കാത്തതു കാരണവും ഭൗതിക സാഹചര്യങ്ങൾ അനുയോജ്യമല്ലാത്തതിനാലും റോഡ് പ്രവൃത്തി നിശ്ചിത സമയത്ത് പൂർത്തീകരിക്കാൻ സാധിച്ചില്ലായെന്നും ടി പ്രവൃത്തി നിലവിൽ തൃപ്തികരമായി പൂർത്തീകരിച്ചിട്ടുള്ള സാഹചര്യത്തിൽ പൂർത്തീകരണത്തിലുണ്ടായ കാലതാമസം മാപ്പാക്കി അന്തിമ ബിൽ തുക അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം (3) കത്ത് പ്രകാരം ജില്ലാ കളക്ടർ അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ കളക്ടറുടെ ശിപാർശയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണവും പരിഗണിച്ച് പരാമർശം (1) ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്ന കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ബ്ലോക്കിൽപ്പെട്ട എരുമേലി ഗ്രാമപഞ്ചായത്തിലെ കനകപ്പലം റേഷൻകടപടി റോഡ് പ്രവൃത്തി പൂർത്തീകരിച്ചതിലെ കാലതാമസം മാപ്പാക്കിയും അന്തിമ ബിൽ തുകയിൽ നിന്നും എസ്.ഡി.ആർ.എഫ്. മാനദണ്ഡ പ്രകാരം അനുവദനീയമായ പ്രവൃത്തിക്ക് വേണ്ടി ചെലവായ തുക മാത്രം അനുവദിക്കുന്നതിന് ജില്ലാകളക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പൂജ ലാൽ കെ എ എസ്

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം

ജില്ലാ കളക്ടർ, കോട്ടയം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. DMB2/229/2024-DMD)

ഉത്തരവിൻ പ്രകാരം

Signed by

Kumari Rekha S R

സെക്ഷൻ ഓഫീസർ

Date: 28-06-2025 13:46:45

പകർപ്പ്: ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്